<u>**15 -ാം കേരള നിയമസഭ**</u>

<u>**14 -ാം സമ്മേളനം**</u>

<u>**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 298**</u> <u>**09-10-2025 - ൽ മറുപടിയ്ക്ക്**</u>

<u>**മൃഗസംരക്ഷണ മേഖലയുടെ ഡിജിറ്റൽവൽക്കരിക്കരണം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആധുനിക സാങ്കേതികവിദ്യയുടെ കാലത്ത് മൃഗസംരക്ഷണ മേഖലയിലെ ചികിത്സാ സേവനങ്ങൾ ഡിജിറ്റൽവൽക്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിൽ കർഷകർക്ക് വിരൽത്തുമ്പി സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായ സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തങ്ങൾ ഡിജിറ്റൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ) ധനസഹായത്തോടെ മൃഗസംരക്ഷണ വകു നടപ്പിലാക്കുന്ന പദ്ധതിയാണ് ഇ-സമൃദ്ധ നിലവിൽ പദ്ധതിയിൽ 4 സോഫ്റ്റ്‌വെയർ മൊഡ്യൂളുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>കൂടാതെ കേരളത്തിലെ കർഷകരുടെ ഭൂമിശാസ്ത്ര വിവര സംവിധാന (ജി.ഐ.എസ്) അടിസ്ഥാനമാക്കിയുള്ള മാപ്പിംഗ് 2013-14 മുതൽ ആരംഭിച്ച മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗി സംസ്ഥാനത്ത് താമസിക്കുന്ന എല്ലാ കർഷകരുടെയും വീടുകളുടെ അക്ഷാംശ രേഖാംശങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാന കണ്ടെത്തുകയും അതുവഴി മൃഗസംരക്ഷണ മേഖലയിൽ ഇത് പ്രയോജനപ്പെടുത്ത പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ഭൂമിക അപ്ലിക്കേഷനും ഉപയോഗിച്ചുവരുന്നു. കർഷക രജിസ്ട്രേഷൻ, മൃഗങ്ങളുടെ രജിസ്ട്രേഷ എന്നിവ ഇത് മുഖേന ചെയ്തുവന്നിരുന്നത്. പരിസ്ഥിതിയിലെ താപനിലയുടെയു |

| | | | |
|---|---|---|---|
| | | | ആപേക്ഷിക ആർദ്രതയുടെയും സംയോജിര ഫലങ്ങൾ, താപനില ഈർപ്പം സൂചിക (Temperature Humidity Index THI), താം സമ്മർദ്ദത്തിന്റെ അപകടസാധ്യര വിലയിരുത്തി കർഷകർക്ക് SMS ആയ് വിവരങ്ങൾ അറിയിക്കുന്നതിനുള്ള സൗകര്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | വെറ്ററിനറി ഡോക്ടർമാരുടെ സേവനം ക്ഷീരകർഷകരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് 156 കേന്ദ്രങ്ങളിൽ നിലവിൽ രാത്രികാലങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ സേവനം ലഭ്യമാക്കി വരുന്നു. 76 കേന്ദ്രങ്ങളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളും, 80 കേന്ദ്രങ്ങളിൽ രാത്രികാല അടിയന്തിര ചികൽസയും (വാഹനമില്ലാതെ) നൽകി വരുന്നു.കേന്ദ്ര സർക്കാരിന്റെ എൽ.എച്ച് & ഡി.സി പദ്ധതിയിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകളും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ) ഫണ്ടും വിനിയോഗിച്ച് 49 മൊബൈൽ വെറ്ററിനറി യൂണിറ്റുകളും ബ്ലോക്ക് തല അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. |
| (സി) | മൃഗങ്ങൾക്കുള്ള മരുന്നുകളും വാക്സിനേഷൻ സൗകര്യങ്ങളും കൃത്യസമയത്ത് തന്നെ കർഷകരെ അറിയിക്കുന്നതിന് സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | മൃഗസംരക്ഷണ വകുപ്പ് മുഖേന നടത്തുന്ന വാക്സിനേഷൻ ക്യാമ്പുകൾ മുൻകൂട്ടി പത്ര മാധ്യമങ്ങൾ മുഖേന അറിയിക്കുന്നുണ്ട്. "ഇ-സമൃദ്ധ" പദ്ധതിയുടെ ഭാഗമായി കർഷകർക്ക് വേണ്ടിയുള്ള മൊബൈൽ ആപ്ലിക്കേഷൻ മുഖേന അവരുടെ ഓമന മൃഗങ്ങളുടെ വാക്സിനേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്നതാണ്. |
| (ഡി) | മൃഗാശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്ന മൃഗങ്ങളുടെ ആവശ്യത്തിനായി ഒ. പി. ടിക്കറ്റുകൾ ഓൺലൈനായി എടുക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തങ്ങൾ ഡിജിറ്റൽ ആക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന ഇ-സമൃദ്ധ ഡിജിറ്റൽ ലൈവ്സ്റ്റോക്ക് ആൻഡ് ഇ-ഹെൽത്ത് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായി കർഷകർക്ക് വേണ്ടിയുള്ള മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. ഇതുവഴി ചികിത്സാ സേവനങ്ങൾ മുൻകൂട്ടി ബുക്ക് ചെയ്യാനും, ആരോഗ്യ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാനും, മൃഗപരിപാലനവുമായി ബന്ധപ്പെട്ടുള്ള മറ്റു സേവനങ്ങളെല്ലാം തന്നെ വിരൽ തുമ്പിൽ ലഭ്യമാക്കാനും സാധിക്കും. നിലവിൽ സംസ്ഥാനത്ത് 137 സ്ഥാപനങ്ങളിൽ പ്രസ്തുത സേവനം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ